Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 6.12.2018
*Ref: 643/KCBC/K-6/KPR/DS*

# പ്രളയാനന്തര അതിജീവനം - പ്രവർത്തന പദ്ധതി ഉദ്ഘാടനം ചെയ്തു

കൊച്ചി : ഈ നൂറ്റാണ്ടിൽ കേരളം നേരിട്ട മഹാപ്രളയത്തിൽ സർവ്വതും നഷ്ടപ്പെട്ടവരുടെ പുനരുദ്ധാനത്തിനായി കേരള കത്തോലിക്ക മെത്രാൻ സമിതി ആവിഷ്കരിച്ച പരിപാടികളുടെ ഉദ്ഘാടനം കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കത്തോലിക്ക ബാവ ഉദ്ഘാടനം ചെയ്തു. ആർച്ച് ബിഷപ്പ് സൂസ പാക്യം അധ്യക്ഷത വഹിച്ചു. സി.ബി.സി.ഐ യുടെ സാമൂഹിക വികസന പ്രസ്ഥാനമായ കാരിത്താസ് ഇന്ത്യയും കെ.സി.ബി.സി യും സംയുക്തമായാണ് പ്രളയപുരനരുദ്ധാരണപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്തകുന്നത്. 32 രൂപതകളിലായി 2620 പുതിയ വീടുകളും ഭാഗികമായി തകർന്ന 6630 വീടുകളും 4226 ശൗചാലയങ്ങളും 4744 കിണറുകളുടെ പുനർനിർമ്മാണവും നടത്തുന്നതാണ്. 31851 കുടുംബങ്ങൾക്ക് ഉപജീവനത്തിനായി വരുമാനവർദ്ധന പദ്ധതികളും യോഗത്തിൽ പ്രഖ്യാപിച്ചു. വിവിധ രൂപതകളുടെയും സന്ന്യാസസഭകളുടെയും സഹകരണത്തോടെ 36.5 ഏക്കർ ഭൂമി ഭൂരഹിതർക്കായി സമാഹാരിച്ചു നൽകുവാൻ സഭയ്ക്ക് കഴിഞ്ഞു. രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ മത്സ്യ ത്തൊഴിലാളികൾക്ക് കേരള കത്തോലിക്ക സഭയുടെ ആദരവ് സമർപ്പിച്ചു. ദുരിതാശ്വാസ നടത്തിപ്പിനും ക്യാമ്പുകളുടെ നടത്തിപ്പിനും അവരുടെ തുടർന്നുള്ള അതിജീവനത്തിനുമായി കേരള കത്തോലിക്കാ സഭ 164 കോടി പ്രഥമഘട്ടത്തിൽ ചെലവഴിക്കുകയുണ്ടായി. സർക്കാർ, സർക്കാർ ഇതര സംവിധാനങ്ങളുമായി കൈക്കോർത്തുകൊണ്ടാണ് സഭയുടെ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നത്. യോഗത്തിൽ ആർച്ച് ബിഷപ്പ് തോമസ് മാർ കുറിലോസ് കാരിത്താസ് ഇന്ത്യ ഡയറക്ടർ ഫാ. പോൾ മുഞ്ഞേലി, ഫാ. ജോളി പുത്തൻപുര, ഫാ. വർഗ്ഗീസ് വള്ളിക്കട്ട്, ഫാ. ജോർജ്ജ് വെട്ടികാട്ടിൽ എന്നിവർ സംസാരിച്ചു.

**ഓഖി ദുരന്ത ബാധിതരുടെ പുനരധിവാസം ത്വരിതപ്പെടുത്തണം**

2018 ഡിസംബർ 4 മുതൽ 6 വരെ പിഒസി യിൽ വച്ച് നടത്തപ്പെട്ട കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ശീതകാലസമ്മേളനം ഓഖി ചുഴലിക്കൊടുങ്കാറ്റിൽപ്പെട്ടവരുടെ പുനരധിവാസ പുരോഗതി വിലയിരുത്തി. ദുരിതബാധിതർക്ക് സർക്കാർ വാഗ്ദാനംചെയ്ത പദ്ധതികൾ ഇഴഞ്ഞുനീങ്ങുന്നതിൽ യോഗം ഉത്കണ്ഠ രേഖപ്പെടുത്തി. സഭയുടെ സാമൂഹികക്ഷേമ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികൾ നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതിയും ചിലവാക്കിയ തുകയും വിലയിരുത്തി. ജൂൺ മാസത്തോടുകൂടി ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാവുമെന്ന് കരുതുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കന്യാകുമാരി ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട ദുരന്ത ബാധിതർക്കാണ് സഭയുടെ സഹായ ഹസ്തം നല്കുന്നത്. 400 ഓളം കുടുംബങ്ങൾക്ക് ഭവനനിർമാണം, വരുമാനവർധന പദ്ധതികൾ, ശൗചാലയം എന്നിവ കേരള കത്തോലിക്കാസഭയുടെ ആഭിമുഖ്യത്തിൽ നല്കുന്നത്. യോഗത്തിൽ സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ മുഴുവനായും നടപ്പിലാക്കാത്തതിലുള്ള നിരാശ മെത്രാൻ സമിതി രേഖപ്പെടുത്തി. കത്തോലിക്ക സഭയുടെ ദുരിത ബാധിതർക്കായുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് പിഒസിയും കേരള സോഷ്യൽ സർവീസ് ഫോറവുമാണ് നേതൃത്വം നല്കുന്നത്.

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com

ഓഖി പുനരധിവാസപ്രവർത്തനങ്ങൾക്ക് ഇതുവരെ 13,18,09,641/രൂപ സഭ ചെലവഴിച്ചു. ഇതിൽ 5,18,09,641 രൂപ കെസിബിസി സമാഹരിച്ചതാണ്. ഓഖി പുനരധിവാസത്തിനായി സർക്കാർ സമാഹരിച്ച തുക വകമാറ്റിവിട്ടില്ല എന്നറിയുന്നത് ആശ്വാസകരമാണ്. എന്നാൽ ഇക്കാര്യത്തിൽ ഇപ്പോൾ കാര്യമായി ഒന്നും നടക്കുന്നില്ല എന്നത് വേദനാജനകമാണ്.

**കെസിബിസി ക്രിസ്ത്യൻ മീഡിയേഷൻ കൗൺസിൽ ആരംഭിക്കും**

സഭയിലെ വിവിധ വിഭാഗങ്ങൾ തമ്മിലുണ്ടാകാവുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനായി കെസിബിസി ക്രിസ്ത്യൻ മീഡിയേഷൻ കൗൺസിലിന് രൂപം നല്കും. ഇക്കാര്യത്തിനായി നിയമവിദഗ്ധരും വ്യത്യസ്ഥ രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചവരുമായ വിശ്വാസികളുടെ സമിതിയെ നിയോഗിക്കും.

വ്യത്യസ്ത വീക്ഷണങ്ങളും നവീന ആശയങ്ങളും പങ്കുവയ്ക്കാനും തുറന്ന സംവാദങ്ങളിൽ ഏർപ്പെടാനും സഭയ്ക്കുള്ളിലുള്ള ഉചിതമായ സംവിധാനങ്ങളും അവസരങ്ങളും പ്രയോജനപ്പെടുത്തണം. പൊതുമാധ്യമങ്ങളിൽ സഭയുടെ നിലപാടുകളും അഭിപ്രായങ്ങളും അറിയിക്കാൻ നിയോഗിക്കപ്പെട്ടവരൊഴിച്ച് വ്യക്തികൾ രേഖപ്പെടുത്തുന്ന അഭിപ്രായങ്ങളും നിലപാടുകളും അവരുടേതു മാത്രമാണ്.

സഭയുടെ സ്ഥാപനങ്ങൾ അവയുടെ സ്ഥാപനോദ്ദേശം നിറവേറ്റുന്നു എന്നുറപ്പുവരുത്തുന്ന മിഷൻ ഓഡിറ്റിന് കാലാകാലങ്ങളിൽ വിധേയമാകണം. ഓരോ സ്ഥാപനവും നല്കുന്ന സേവനത്തിന്റെ സ്വഭാവവും ലക്ഷ്യവും അനുസരിച്ച് സുവിശേഷാത്മകമായ മാനദണ്ഡങ്ങൾക്കനുസരിച്ചുവേണം ഇത് നിർവഹിക്കാൻ. ഇതിന്റെ മാതൃക കെസിബിസി പ്രസിദ്ധീകരിക്കും.

**മതനിരപേക്ഷ, ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കണം**

രാജ്യത്തിന്റെ മതനിരപേക്ഷ, ജനാധിപത്യമൂല്യങ്ങളെ അപകടപ്പെടുത്തുന്ന പ്രതിലോമ ശക്തികൾക്കെതിരെ, ഭരണഘടനയുടെ അന്തസഃത്ത ഉയർത്തിപ്പിടിക്കുന്ന നിലപാടെടുക്കാൻ എല്ലാ വിശ്വാസികൾക്കും കടമയുണ്ട്. എന്നാൽ, കോടതികൾ ഭരണഘടനയും മൗലികാവകാശങ്ങളും വ്യാഖ്യാനിക്കുമ്പോൾ വ്യക്തികൾക്കും സമൂഹത്തിനുമുള്ള അവകാശങ്ങൾ പരസ്പരം റദ്ദാക്കുന്നില്ലാ എന്നുറപ്പുവരുത്തേണ്ടതാണ്. വ്യക്തിയുടെ സ്വാതന്ത്ര്യം കുടുംബത്തിന്റെ നിലനില്പിനും ഭദ്രതയ്ക്കും ഭീഷണിയാകുന്നതും, വ്യക്തിസമത്വവും സ്വാതന്ത്ര്യവും മറ്റു വ്യക്തികളുടെയും സമൂഹങ്ങളുടെയും ആരാധനാ സ്വാതന്ത്ര്യത്തിനും വിശ്വാസാചാരങ്ങൾക്കും ഭീഷണിയാകുന്നതും സമൂഹത്തിൽ അസ്വസ്ഥതയുണ്ടാക്കും.

**നവീകരണത്തിന്റെ പാതയിൽ സഭ മുന്നേറണം**

പ്രതിസന്ധിയുടെ ഘട്ടങ്ങളുണ്ടാകുമ്പോൾ സഭ ആത്മാർത്ഥമായ ആത്മപരിശോധനയ്ക്കും തിരുത്തലിനും നവീകരണത്തിനും വിധേയമാകണം. ഇക്കാര്യത്തിൽ കേരളസഭയ്ക്ക് തുറന്ന മനസ്സാണുള്ളത്. സഭയെ ബലഹീനമാക്കാനും തകർക്കാനുമുള്ള ബോധപൂർവമായ പരിശ്രമങ്ങളെ തിരിച്ചറിയാനും അതിജീവിക്കാനുമുള്ള ആത്മീയബലം സഭയ്ക്കുണ്ട്. വിശ്വാസം, ശരണം, ഉപവി എന്നീ ദൈവീക മൂല്യങ്ങളിൽ അടിയുറച്ച സമീപനമാണ് സഭയുടേത്. സ്നേഹവും കൂട്ടായ്മയും കാരുണ്യത്തിന്റെ പ്രവർത്തിയുമാണ് സഭയെ എക്കാലവും ശക്തിപ്പെടുത്തിയിട്ടുള്ളത്. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് സഭ മുന്നേറുകതന്നെ ചെയ്യും.

**ആർച്ചുബിഷപ് എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം**
വൈസ് പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
സെക്രട്ടറി ജനറൽ, കെസിബിസി